<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 29**</u> <u>**10-06-2024 - ൽ മറുപടിയ്ക്ക്**</u>

<u>**ഭക്ഷ്യസുരക്ഷാ പരിശോധനകൾ**</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. ആൻസലൻ,<br>ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എം.വിജിൻ</td><td colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ വകുപ്പ് തുടർച്ചയായി നടത്തി വരുന്ന പരിശോധനകളും അനന്തര നടപടികളും ഈ മേഖലയിലെ നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പര്യാപ്തമാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ;</td><td>(എ)</td><td>സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ വകുപ്പ് തുടർച്ചയായി നടത്തി വരുന്ന പരിശോധനകളും തുടർനടപടികളും നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും പര്യാപ്തമാണ്. 2023 – 24 സാമ്പത്തിക വർഷത്തിൽ 65432 പരിശോധനകൾ നടത്തുകയും 10466 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും 37763 സർവ്വയിലൻസ് സാമ്പിളുകളും ശേഖരിച്ച് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ടി പരിശോധനകളിൽ നിയമ ലംഘനം കണ്ടെത്തിയ 9642 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസും 4337 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസും നൽകിയിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ 746 പ്രോസിക്യൂഷൻ കേസുകളും 982 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>കഴിഞ്ഞ സാമ്പത്തിക വർഷം നടത്തിയ പരിശോധനകളുടെ ഫലമായി കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;</td><td>(ബി)</td><td>കഴിഞ്ഞ സാമ്പത്തിക വർഷം പരിശോധനകളുടെ ഭാഗമായി 7343 റെക്റ്റിഫിക്കേഷൻ നോട്ടീസുകളും 9642 കോമ്പൗണ്ടിംഗ് നോട്ടീസുകളും 4337 ക്ലോഷർ നോട്ടീസുകളും നൽകുകയും 40545150/- രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 10466 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ചതിൽ Unsafe പരിശോധനാ ഫലം ലഭിച്ച 746 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസ് ഫയൽ ചെയ്യുകയും Substandard/Misbranded പരിശോധനാ ഫലം ലഭിച്ച 982 സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>മുൻകാലങ്ങളെ അപേക്ഷിച്ച് പ്രസ്തുത പരിശോധനകളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;</td><td>(സി)</td><td>മുൻ കാലങ്ങളെ അപേക്ഷിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രത്യേക സ്ക്വാഡുകൾ ഉൾപ്പെടെ കൂടുതൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.<table><tr><th>വർഷം</th><th>പരിശോധനകളുടെ എണ്ണം</th></tr><tr><td>2021-22</td><td>7241</td></tr><tr><td>2022-23</td><td>20901</td></tr><tr><td>2023-24</td><td>65432</td></tr></table></td></tr>
<tr><td>(ഡി)</td><td>നിയമലംഘനങ്ങൾ</td><td>(ഡി)</td><td>നിയമലംഘനങ്ങൾ നടത്തിയവർക്കെതിരെ നിയമം</td></tr>
</table>

<table>
<tr>
<td></td>
<td>നടത്തിയവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അതുവഴി ഈടാക്കാൻ കഴിഞ്ഞ തുക എത്രയെന്നും അറിയിക്കാമോ?</td>
<td></td>
<td>അനുശാസിക്കുന്ന അഡ്ജ്യൂഡിക്കേഷൻ, പ്രോസിക്യൂഷൻ, കോമ്പൗണ്ടിംഗ് നടപടികളാണ് സ്വീകരിക്കുന്നത്. ആയതിന്റെ വിശദാംശം ചുവടെ കൊടുക്കുന്നു.
<table>
<tr><th></th><th>2022-23</th><th>2023-24</th></tr>
<tr><td>Total Adjudication filed</td><td>728</td><td>982</td></tr>
<tr><td>Total Prosecution filed</td><td>582</td><td>746</td></tr>
<tr><td>Total Compounding Notice issued</td><td>6022</td><td>9642</td></tr>
<tr><td>Total Compounded Amount</td><td>28206500</td><td>40545150</td></tr>
</table>
കോമ്പൗണ്ടിംഗ് നടപടികളിലൂടെ 2022-23, 2023-24 കാലയളവിൽ 15664 ഭക്ഷ്യ സംരംഭകരിൽ നിന്നായി ആകെ 68751650/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ